# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2397
## 6-12-2018 - ലെ മറുപടിക്ക്

### നെന്മാറ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

| ചോദ്യം<br>ശ്രീ.കെ.ബാബു | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) നെന്മാറ മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ എം.എൽ.എ,യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിക്കാത്തത് എന്ന് വിശദമാക്കുമോ; | നെന്മാറ നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.<br>നെന്മാറ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ ആകെ 14 പ്രവൃത്തികൾ ആണ് ഉള്ളത്. ടി പ്രവൃത്തികളിൽ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. |
| ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | എം.എൽ.എ.- മാർ സമർപ്പിക്കുന്ന ശുപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽതന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതി രേഖകൾ (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്.<br>പ്രവർത്തികൾക്കായുള്ള പദ്ധതി രേഖകൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷൻ അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിനായി ആയവ എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ സഹിതം ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ശുപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും തയ്യാറാക്കേണ്ടതാണ്.<br>മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശുപാർശകൾക്ക് ഒരാഴ്ചയ്ക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നൽകേണ്ടതുമാണ്.<br>ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ |

| | |
|---|---|
| | ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. |

**സെക്ഷൻ ഓഫീസർ**